## <u>നുറുങ്ങു ചിന്തകൾ</u> **By Sabu Jacob, Philadelphia**

### <u>ജീവിതയാത്ര</u>

എവിടെത്തുടങ്ങിയെന്നറിയാത്ത യാത്ര
എങ്ങോട്ടേയ്ക്കാണെന്നറിയാത്ത യാത്ര
എന്നിനിത്തീരുമെന്നറിയാത്ത യാത്ര
ഏകാന്ത പഥികനായലയുന്ന യാത്ര
ഇന്നും തുടരുന്ന ജീവിതയാത്ര

### <u>ആദ്യാനുരാഗം</u>

കാലങ്ങളേറെ കൊഴിഞ്ഞു പോയെന്നാലും
കാതങ്ങളായിരം ദൂരത്തിരുന്നാലും
കാറ്റായ് തഴുകിടും മഴയായ് തലോടിടും
ആദ്യാനുരാഗത്തിൻ നിറമെഴുമോർമകൾ

### <u>മുറിവുകൾ</u>

മേനിയിലേൽക്കുന്ന മുറിവിന്റെ പാടുകൾ
കാലത്തിൻ സ്പർശത്തിൽ മാഞ്ഞു മറഞ്ഞാലും
മനസ്സിൽ ക്ഷതമേകും നൊമ്പരപ്പാടുകൾ
മായില്ല മറയില്ല ഉയിർപോകുവോളവും

### <u>വേദന</u>

നുള്ളിപ്പറിക്കുന്ന പോലുള്ള വേദന
ഉള്ളിൽക്കടന്നെത്തി നൊമ്പരം നൽകവേ
ഉള്ളം നുറുങ്ങുന്ന നീറ്റലിൽ പിടയുമ്പോൾ
കൊള്ളാതെ പോകുന്നു മരുന്നും മന്ത്രങ്ങളും

### <u>മരണം</u>

കാലൊച്ചയില്ലാതെ നിത്യവും പിന്നാലെ
അലയുന്ന നിഴലായി കൂടെ നടന്നിടും
കണ്ണിൽ തെളിയാതെ കാതിൽ കേൾക്കാതെ
തണുപ്പായൊടുവിൽ മേനിയെ പുൽകിടും

### <u>മടക്കയാത്ര</u>

എന്നുമാമോദിച്ചു നടക്കുമ്പോളോർക്കില്ല
ഇന്ന് ഞാൻ നാളെ നീയെന്ന സത്യം
ഒന്നുമേയില്ലാതെ മന്നിൽ വന്നു
ഒന്നുമേ കൂടാതെ മടങ്ങിടുന്നു
എത്ര മേലർത്ഥം നീ നേടിയെന്നാലും
അത്രയും വെടിഞ്ഞല്ലോ മടക്കയാത്ര
അന്ന് നീ കരഞ്ഞു ഭൂജാതനായെങ്കിൽ
ഇന്നോ നീ നിശ്ചലം യാത്രയാകുന്നു